**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2090** **30-09-2025 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വ്യക്തികളുൾപ്പെടെയുള്ളവർ സ്ഥാപിക്കുന്ന സി. സി. ടി. വി. സിസ്റ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സി. സി. ടി. വി. ഉൾപ്പെടെയുള്ള സെക്യൂരിറ്റി സിസ്റ്റം മേഖലയിൽ രജിസ്റ്റേർഡ് സംഘടനകൾ ഉണ്ടെങ്കിലും സർക്കാരിലെ ഏതെങ്കിലും സംവിധാനങ്ങളുമായി അവർക്ക് അഫിലിയേറ്റ് ചെയ്യുവാൻ ഉള്ള അവസരം കൊടുക്കുന്നുണ്ടോ എന്നത് അറിയിക്കാമോ; | (എ) | കേരളത്തിൽ സ്വകാര്യ വ്യക്തികൾ ഉൾപ്പെടെ സ്ഥാപിക്കുന്ന സി സി ടി വി/ സർവൈലൻസ് സിസ്റ്റങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ നിർദ്ദേശങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ല . |
| (ബി) | സി. സി. ടി. വി. ഉൾപ്പെടെയുള്ള സെക്യൂരിറ്റി സിസ്റ്റം മേഖലയിൽ രജിസ്റ്റേർഡ് സംഘടനകൾ ഉണ്ടെങ്കിലും വ്യക്തികളുടെ സ്വകാര്യത സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ആ മേഖലയിൽപെട്ടവർക്ക് ഗവണ്മെന്റ് ഏതെങ്കിലും രീതിയിൽ ലൈസൻസ് ഉൾപ്പടെ നൽകുന്നതിനായി ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | കേരളത്തിൽ സ്വകാര്യ വ്യക്തികൾ ഉൾപ്പെടെ സ്ഥാപിക്കുന്ന സി സി ടി വി/ സർവൈലൻസ് സിസ്റ്റങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ നിർദ്ദേശങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ല . |
| (സി) | സ്വകാര്യ വ്യക്തികൾ സർവൈലൻസ് ക്യാമറ സ്ഥാപിക്കുന്നതിൽ ഗവണ്മെന്റ് എന്തെങ്കിലും മാനദണ്ഡം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം മാനദണ്ഡം ഇറക്കുവാൻ ഉദ്ദേശിക്കുണ്ടോ; വിശദമാക്കാമോ; | (സി) | കേരളത്തിൽ സ്വകാര്യ വ്യക്തികൾ ഉൾപ്പെടെ സ്ഥാപിക്കുന്ന സി സി ടി വി/ സർവൈലൻസ് സിസ്റ്റങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ നിർദ്ദേശങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ല . |
| (ഡി) | കേരളത്തിൽ നിലവിൽ ഇൻസ്റ്റാൾ ചെയ്യുന്ന സി. സി. ടി. വി. ക്യാമറകൾക്ക് ഇലക്ട്രോണിക് സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളോജി മന്ത്രാലയം പുതുതായി പുറത്തിറക്കിയ സ്റ്റാൻഡേർഡൈസേഷൻ ടെസ്റ്റിംഗ് ആൻഡ് ക്വാളിറ്റി സർട്ടിഫിക്കേഷൻ കേരളത്തിൽ പ്രാബല്യത്തിൽ വരുത്തിയോ എന്നറിയിക്കാമോ; ഗവൺമെന്റ് സ്ഥാപനങ്ങളിലും കെ. എസ്. ആർ. ടി. സി. ബസുകളിലും ഉപയോഗിക്കുന്ന ക്യാമറകളിൽ ഈ മാനദണ്ഡം പാലിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ; | (ഡി) | സംസ്ഥാനത്തെ വാണിജ്യ സ്ഥാപനങ്ങളിൽ CCTV ക്യാമറകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രത്യേക നിയമ നിർമ്മാണം നടത്തുന്നതിനും കേരളാ മുനിസിപ്പാലിറ്റീസ് ആക്റ്റ്, കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് എന്നിവയുടെ കീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഇ) | സ്വകാര്യ വ്യക്തികൾ ഉൾപ്പെടെയുള്ളവർ സ്ഥാപിക്കുന്ന സർവൈലൻസ്/സി. സി. ടി. വി. ഇൻസ്റ്റലേഷനുകളിൽ പൗരന്മാരുടെ സ്വകാര്യത ലംഘിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ | (ഇ) | സംസ്ഥാനത്തെ വാണിജ്യ സ്ഥാപനങ്ങളിൽ CCTV ക്യാമറകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രത്യേക നിയമ നിർമ്മാണം നടത്തുന്നതിനും കേരളാ മുനിസിപ്പാലിറ്റീസ് ആക്റ്റ്, കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് എന്നിവയുടെ കീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങളിൽ |

| | | | |
|---|---|---|---|
| | എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | | ഭേദഗതി വരുത്തുന്നതിന് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ